**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2296** **05.12.2018 -ൽ മറുപടിക്ക്.**

**പുതിയ റേഷൻ കാർഡ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനായി വിവിധ സപ്ലൈ ഓഫീസുകളിൽ ഉള്ളതെന്ന കണക്ക് ലഭ്യമാക്കാമോ; | (എ) നിലവിൽ 279851 അപേക്ഷകളാണുള്ളത്. |
| (ബി) പ്രസ്തുത കാർഡിനായി അപേക്ഷകൾ ഇപ്പോൾ ഓൺലൈനിൽ മാത്രമാണോ സ്വീകരിക്കുന്നത്; ഓൺലൈനിൽ ആയിട്ടും റേഷൻകാർഡ് നൽകുന്നതിൽ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ; | (ബി) യും (സി) യും വിദ്യാഭാസ സംബന്ധമായോ, ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ളതോ ആയ അപേക്ഷകൾ ഓൺലൈൻ അല്ലാതെയും സ്വീകരിക്കുന്നതാണ്. നവംബർ 17-ാം തീയതി മുതലാണ് ഓൺലൈനായി മാത്രം അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. അപേക്ഷകളുടെ ബാഹുല്യമാണ് കാലതാമസം വരുന്നതിന് കാരണം. എന്നാൽ കാർഡ് വിതരണം തുടർന്നു വരുന്നു. കാലതാമസം കൂടാതെ വിതരണം പൂർത്തിയാക്കുന്നതാണ്. |
| (സി) നിലവിലുള്ള അപേക്ഷകർക്ക് ഈ കാർഡ് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | |
| (ഡി) കൂട്ടുകുടുംബത്തിൽ നിന്നും ഒഴിവായി സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്ത കാരണത്താൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ ലിസ്റ്റിൽ ഉൾപ്പെട്ടവർ പുറത്താകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ അടിയന്തരമായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) 30.11.2017 ലെ ബഹു.മുഖ്യമന്ത്രിയുടെ യോഗ തീരുമാനപ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് താത്ക്കാലിക റേഷൻ കാർഡ് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥിരം റേഷൻ കാർഡ് നൽകുന്നതിനുള്ള സൗകര്യം ലഭ്യമായതിനാൽ, ഇപ്പോൾ അപേക്ഷിക്കുന്നവർക്ക് അടിയന്തരമായി സ്ഥിരം റേഷൻ കാർഡ് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**